**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *79** **04.03.2020-ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ വിതരണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ<br>,, ടി.ജെ. വിനോദ്<br>,, വി.ടി.ബൽറാം | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| | |
|---|---|
| (എ) ലഹരി വസ്തുക്കൾ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് ഓൺലൈൻ സംവിധാനത്തെയും ഭക്ഷ്യവിതരണ ശൃംഖലകളെയും ഉപയോഗിക്കുന്നുവെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (എ) ഇത്തരം സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷ്യവിതരണ ശൃംഖലകളുടെ വിതരണത്തിൽ ഏർപ്പെട്ടിട്ടുള്ള ചിലർ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കൈമാറ്റം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തിയ പരിശോധനകളിൽ കോട്ടയം, എറണാകുളം ജില്ലകളിലായി 3 കേസുകൾ രജിസ്റ്റർ ചെയ്ത് 14 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br>വിവിധ സാമൂഹിക മാധ്യമങ്ങൾ, ഡാർക്ക്വെബ് തുടങ്ങിയവ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിവിധ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെട്ടുത്ത് നിയമ നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. എക്സൈസ് വകുപ്പിന്റെ നിരീക്ഷണത്തിൽ ചില പ്രത്യേക വെബ്സൈറ്റുകൾ മുഖേന സിന്തറ്റിക് ഡ്രഗ്സ് ഉൾപ്പെടെയുള്ള മയക്ക് മരുന്നുകൾ ഓൺലൈനായി വാങ്ങാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യമായ കേന്ദ്രങ്ങ |

| | | | |
|---|---|---|---|
| | | | ളില്ലാതെ മാറി മാറിയുള്ള വിലാസങ്ങളിലും വെബ് സൈറ്റിലൂടെയുമാണ് ഈ പ്രവർത്തനം നടക്കുന്നത് എന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | എങ്കിൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | മദ്യം, മയക്ക്മരുന്ന് തുടങ്ങിയ ലഹരിയുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ വിപണനം സംബന്ധിച്ചും സോഷ്യൽ മീഡിയയിൽ വർദ്ധിച്ചുവരുന്ന പ്രചാരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എക്സൈസ് വകുപ്പിൽ ഒരു സൈബർസെൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയിട്ടുള്ളതാണ്. |
| (സി) | എക്സൈസ് വകുപ്പിൽ നിലവിലുള്ളത് വർഷങ്ങൾക്ക് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ ആയതിനാൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും വാഹനങ്ങൾ ഇല്ലാത്തതും ഷാഡോ സംവിധാനത്തിന്റെയും ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം. വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു |

വരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്ക് മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ സ്റ്റാഫിന്റെ എണ്ണം കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ ജീവനക്കാരെ വകുപ്പിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ; | (ഡി) | 1968-ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളതെങ്കിലും കാലോചിതമായി പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിച്ച് കൂടുതൽ ജീവനക്കാരെ വകുപ്പിൽ നിയമിച്ച് വരുന്നുണ്ട്. |
| (ഇ) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വില്പന വ്യാപകമാണെന്ന വസ്തുത പരിഗണിച്ച് ഈ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**